No. CEE/1888/B.Pharm(LE)/2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2020

1. കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2020-21 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
2. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:

   (i) **നേറ്റിവിറ്റി :** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

   (ii) **വിദ്യാഭ്യാസ യോഗ്യത**: 50% മാർക്കിൽ കുറയാതെയുള്ള ഡി.ഫാം ബിരുദം (ഡിപ്ലോമ ഇൻ ഫാർമസി) (അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച്, സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്യ പരീക്ഷ എഴുതി പാർട്ട് 1, പാർട്ട് 2 പരീക്ഷകൾക്ക് 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം).

   (iii) അപേക്ഷകർ ഫാർമസി കൗൺസിലിൽ രജിസ്ട്രേഷൻ നടത്തേണ്ടതും കൗൺസിലിംഗ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

   (iv) **വയസ്സ്:** പ്രവേശനത്തിന് ഉയർന്ന പ്രായ പരിധിയില്ല.

3. **പ്രവേശന പരീക്ഷ**: ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ, **2021 ഏപ്രിൽ 11-ാം തീയതി (ഞായറാഴ്ച)** തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്ക് 1 1/2 മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.
4. **ഓൺലൈൻ അപേക്ഷ സമർപ്പണവും, അപേക്ഷ ഫീസും:-**

   പ്രോസ്പെക്ടസും, ഓൺലൈൻ അപേക്ഷാഫോറവും **17.03.2021** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ-ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസിൽ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്. **അപേക്ഷയുടെ പ്രിന്റൗട്ട് സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകളുടെ കോപ്പി എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.**

   ജനറൽ വിഭാഗക്കാർ 800 രൂപയും, എസ്.സി വിഭാഗക്കാർ 400 രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.
5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:-**

   B.Pharm(LE)-2020 കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 7.3.5-ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **28.03.2021 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കൺഫർമേഷൻ പേജിന്റെയും അപ്ലോഡ് ചെയ്ത രേഖകളുടെയും പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.
6. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും 02.04.2021 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.
7. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷയ്ക്കുള്ള സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 8-ൽ ലഭ്യമാണ്.

8. **റാങ്ക് ലിസ്റ്റ്:** സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ ക്ലോസ് 10 ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് B.Pharm-2020 (LE) കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്നതാണ്.
9. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.
10. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**Help Line Number: 0471 2525300**

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.03.2021